# ബുദ്ധികുടുക്ക

• മൊഴിമാറ്റം: ജി

പണ്ട് പണ്ട് നടന്ന ഒരു കഥയാണ്. ഒരു വലിയ പുൽമൈതാനം. അവിടെയാണ് ബുദ്ധിക്കുടുക്കയുടെ താമസസ്ഥലം. ബുദ്ധിക്കുടുക്ക എന്നാ ആരാണെന്നോ? ഒരു കുതിര. ശരിക്കും പറഞ്ഞാൽ അവനു വലിയ മിടുക്കൊന്നും ഉണ്ടായിരുന്നില്ല. ഒരു സാധു. പുൽമൈതാനിയിൽ അവനു സുഖമായിരുന്നു. കുടിക്കാൻ വെള്ളം തരും അരുവികൾ. തിന്നാൻ നല്ല പച്ചപ്പുല്ല്. പക്ഷേ ഒരു ദുഃഖം അവനെ വേട്ടയാടി. കൂട്ടിനാരും ഇല്ല. അവനു വലിയ ഒറ്റപ്പെടൽ തോന്നി. മറ്റൊരു കുതിരയെ കൂട്ടായി കിട്ടണം... അതായിരുന്നു ബുദ്ധിക്കുടുക്കയുടെ ആവശ്യം.

ഒരു ദിവസം ബുദ്ധിക്കുടുക്കയുടെ ക്ഷമ നശിച്ചു. ഇനി കാത്തിരിക്കാൻ വയ്യെന്നായി. അവൻ മൈതാനത്തിന്റെ ഏറ്റവും അറ്റത്തേക്ക് നടന്നു. പിന്നെ അത് കുതിരച്ചാട്ടമാക്കി. അത് കഴിഞ്ഞപ്പോഴോ ഓട്ടം ആയി... ഓട്ടം അല്ല, പാച്ചിൽ എന്നു വേണം പറയാൻ. അങ്ങനെ ആ മൈതാനിയുടെ വേലിക്കെട്ടിന്നടുത്തെത്തി. എന്നിട്ട് വേലിയുടെ മുകളിലൂടെ അടുത്തുള്ള വഴിയിലേക്ക് ഒരു കുതിച്ചു ചാട്ടം കൊടുത്തു.



നിരത്തിൽ എത്തിയപ്പോൾ ബുദ്ധിക്കുടുക്കക്ക് ആശ്വാസമായി. 'ഈ വഴിയിലൂടെ പോയാൽ ഒരുപക്ഷേ ഞാൻ മറ്റൊരു കുതിരയെ കണ്ടേക്കാം.' ആനന്ദത്തോടെ കുതിര വിചാരിച്ചു. എന്നിട്ടു പതുക്കെ പതുക്കെ ചുറ്റുപാടും നിരീക്ഷിച്ചുകൊണ്ട് നടന്നു.

ഒരേയൊരു കാര്യമാണ് അവനെ അലട്ടിയത്. മറ്റൊരു കുതിരയെ കണ്ടാൽ അത് കുതിരയാണെന്നു താൻ എങ്ങനെ അറിയും? എത്രയോ വർഷങ്ങളായി പുൽമൈതാനിയിൽ ഒറ്റക്ക് താമസിക്കുന്നു. മറ്റൊരു കുതിരയെ ഇതു വരെ കണ്ടിട്ടില്ല. പിന്നെ



എങ്ങനെയാണ് ഇനി ഒന്നിനെ കണ്ടാൽ തിരിച്ചറിയുക? 'ഒരു കുതിര എങ്ങനെ ഇരിക്കും എന്ന് അറിയാത്ത സ്ഥിതിക്ക് ഞാൻ എന്ത് ചെയ്യാനാ അല്ലേ...' ബുദ്ധിക്കുടുക്ക വിചാരിച്ചു.

ബുദ്ധിക്കുടുക്ക ശരിക്കും പറഞ്ഞാൽ അൽപ്പം മണ്ടനായിരുന്നു; പക്ഷേ പിടിവാശിക്കാരനും. 'ആരെയെങ്കിലും കണ്ടാൽ ചോദിക്കാലോ... ചോദിച്ചുകൊണ്ടേ ഇരിക്കാം.' അവൻ ഉറച്ചു.

എന്നിട്ട് ആ നിരത്തിലൂടെ മുന്നോട്ടു നടന്നു. അവൻ ആദ്യം കണ്ടത് പച്ചപ്പുല്ലിലൂടെ ഇഴയുന്ന ഒരു പച്ചിലപ്പാമ്പിനെ ആയിരുന്നു. ഒരു പാവം ജീവി!

ബുദ്ധിക്കുടുക്ക വിളിച്ചു: ''ഒന്ന് നിന്നേ, ഒരു നിമിഷം'' പാമ്പ് ഇഴച്ചിൽ നിർത്തീട്ട് ശ്രദ്ധിച്ചു. ''നീ ഒരു കുതിരയാണോ?'' ബുദ്ധിക്കുടുക്ക ചോദിച്ചു.

പച്ചിലപ്പാമ്പിന് ആ കേട്ടത് വിശ്വസിക്കാനായില്ല. ''അയ്യേ, അയ്യയ്യേ... എന്ത് മണ്ടത്തരം!'' പാമ്പ് ചീറ്റിക്കൊണ്ട് പറഞ്ഞു. ''കണ്ടാലറിഞ്ഞൂടേ ഞാൻ കുതിര അല്ലെന്ന്? ഞാൻ ഒരു പാമ്പാണ്.''

''അതെങ്ങനെയാ കണ്ടാൽ തിരിച്ചറിയുന്നേ?'' ബുദ്ധിക്കുടുക്ക ചോദിച്ചു.

''കുതിരകൾക്ക് കാലുകളുണ്ട്. പാമ്പുകൾക്ക് ഇല്ല'' പാമ്പ് പറഞ്ഞു. ''അതാണ് ഒരു കാര്യം.''

''കണ്ടോ, ഞങ്ങൾക്ക് കാലുകളുടെ ആവശ്യമില്ല... നോക്കിക്കോ...'' ഇങ്ങനെ പറഞ്ഞു ആ പച്ചിലപ്പാമ്പ് മിന്നൽ പോലെ പുല്ലുകൾക്കിടയിൽ ഇഴഞ്ഞു മറഞ്ഞു.

ഒരു തുടക്കം കിട്ടാൻ സഹായിച്ച നല്ല ഒരു അറിവായിരുന്നു അത്. മണ്ടനായ ബുദ്ധിക്കുടുക്ക തന്നോടു തന്നെ പറഞ്ഞു: 'അപ്പൊ കാലുകളുള്ള ഒരു ജന്തുവിനെ കണ്ടാലേ, എനിക്ക് കൂട്ടാക്കാവുന്ന കുതിരയാവാൻ വഴിയുള്ളൂ.' എന്നിട്ട് കുതിര വീണ്ടും വഴിയിലൂടെ നടന്നു.

പിന്നീട് ബുദ്ധിക്കുടുക്ക കണ്ടത് ഒരു പിടക്കോഴിയെ ആണ്. വല കെട്ടിത്തിരിച്ച മുറ്റത്തു നിന്ന് ഓടിപ്പോന്നതായിരുന്നു അവൾ. വഴിയിൽ നിന്ന് അവൾ വിത്തുകളും ചെറിയ ജീവികളെയും പുഴുക്കളെയും എല്ലാം കൊത്തിത്തിന്നുകയായിരുന്നു. ബുദ്ധിക്കുടുക്ക വിചാരിച്ചു, 'ഇതാ കാലുകൾ... ഇത് ഒരു കുതിരയാവും.'

എന്നിട്ട് വിളിച്ചു ചോദിച്ചു: ''ഒന്ന് ശ്രദ്ധിച്ചേ... കാലുള്ള ജീവീ, നീ കുതിരയാണോ. എനിക്ക്



കൂട്ടാക്കാൻ ഒരു കുതിരയെ തപ്പി നടക്കുകയാ ഞാൻ.''

''അയ്യോ!''പിടക്കോഴി കൊക്കി: ''എന്തൊരു കഷ്ടകാലം! അയ്യോ എന്റെ തലേലെഴുത്ത്! ഞാൻ ഒരു പിടക്കോഴിയാണ്; കുതിരയല്ല. മനസ്സിലായോ?''

''പക്ഷേ നിനക്ക് കാലുകൾ ഉണ്ടല്ലോ?'' ബുദ്ധിക്കുടുക്ക ചോദിച്ചു.

''എടാ മണ്ടാ, എനിക്ക് രണ്ടു ചിറകും ഉണ്ട്, കണ്ടോ.'' പിടക്കോഴി ചിറകു വിടർത്തി വീശിക്കാണിച്ചു. ''അപ്പൊ കുതിരക്ക് ചിറകില്ല, കോഴിക്ക് ചിറകുണ്ട് മനസ്സിലായോ?''

''ചിറകുള്ള കുതിരകൾ ഇല്ലേ ഇല്ല?!''

''ഇല്ല, കോഴിക്ക് ചിറകുണ്ട്. കുതിരക്ക് ഇല്ല.''

'അയ്യോ! ഈ ചിറകിന്റെ കാര്യം കാര്യങ്ങൾ കുഴപ്പിക്കുകയാണല്ലോ.'കുതിര ഓർത്തു. ഇനി അതു കൂടി നോക്കണം. അവൻ തീരുമാനിച്ചു. അവൻ ചോദിച്ചു:

''എന്നാലും നിനക്ക് കാലുകൾ ഉണ്ടല്ലോ.. അതുകൊണ്ട് നീ കുതിര ആവാനും മതിയല്ലോ?'' ബുദ്ധിക്കുടുക്ക വീണ്ടും പറഞ്ഞു:

''ഉവ്വ്. പക്ഷെ, രണ്ടു കാലേ ഉള്ളൂ'' പിടക്കോഴി തന്റെ രണ്ടു കാലും കൊക്കുകൊണ്ട് തൊട്ടു കാണിച്ചു.

''നിനക്കോ.. നാല് കാലുകൾ ഉണ്ട്... കണ്ടോ.. കോഴിക്ക് രണ്ട്... കുതിരക്കു നാല്... മനസ്സിലായോ?'' പിടക്കോഴി കുതിരയോട് പറഞ്ഞു.

''അപ്പൊ നാല് കാലുകൾ വേണം കുതിരയാവാൻ അല്ലേ?'' അവൻ ചോദിച്ചു. പുല്ലിലൂടെ ചാടുന്ന ഒരു വിട്ടിലിനെ കണ്ട പിടക്കോഴി മറുപടി പറയാതെ അതിന്റെ പിന്നാലെ ഓടി മറഞ്ഞു.

'അപ്പൊ നാല് കാലുകൾ വേണം' കുതിര തന്നോട് തന്നെ പറഞ്ഞു. 'കാൽ നാല്, കാൽ നാല്...നാല് കാല്, നാല് കാല്...'

അവൻ മറക്കാതിരിക്കാനായി ആവർത്തിച്ചുകൊണ്ടിരുന്നു:

'നാല് കാല്, നാല് കാല്...'

(തുടരും)